പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1110 — 15-10-2026-ൽ മറുപടിയ്ക്ക്

**<u>നഗരൂർ പോലീസ് സ്റ്റേഷന്റെയും സബ് രജിസ്ട്രാർ ഓഫീസിന്റെയും നിർമ്മാണം</u>**

| <u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> | <u>മറുപടി നൽകിയ മന്ത്രി</u> |
|---|---|
| ശ്രീമതി ഒ. എസ്. അംബിക | ശ്രീ. പി. കെ. ബഷീർ<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ നഗരൂർ പോലീസ് സ്റ്റേഷന്റെയും സബ് രജിസ്ട്രാർ ഓഫീസിന്റെയും നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

**<u>മറുപടി:</u> 2022-23 ബഡ്ജറ്റ് പ്രൊവിഷനിൽ ഉൾപ്പെടുത്തി നഗരൂർ പോലീസ് സ്റ്റേഷൻ, സബ് രജിസ്ട്രാർ ഓഫീസ് എന്നിവ നിർമ്മിക്കുന്നതിലേക്കായി GO (Rt) No 91/2026/PWD തീയതി 27-01-2026 പ്രകാരം 600 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നഗരൂർ പോലീസ് സ്റ്റേഷന്റെ നിർമ്മാണോദ്ഘാടനം 2026 മാർച്ച് 04 ന് നിർവ്വഹിച്ചിട്ടുള്ളതുമാണ്. Preliminary soil Investigation work 70/EE/TVM/26-27 തീയതി 03.08.2026 പ്രകാരം എഗ്രിമെന്റ് വയ്ക്കുകയും 13.08.2026 തീയതിയിൽ site handover ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. സൈറ്റിൽ നിലവിലുള്ള മരങ്ങൾ മുറിച്ചുമാറ്റി സൈറ്റ് ക്ലിയർ ചെയ്ത് നൽകുന്നതിന് 25.07.2026 തീയതിയിൽ നഗരൂർ സബ് രജിസ്ട്രാർ, നഗരൂർ എസ്.എച്ച്.ഒ പോലീസ് സ്റ്റേഷൻ എന്നിവർക്ക് കത്ത് നൽകിയിട്ടുണ്ട്. സൈറ്റ് ക്ലിയർ ചെയ്ത് നൽകിയിട്ടില്ല.**

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എന്നു മുതൽ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u> Soil Investigation report ലഭിച്ചാലുടൻ ഡിസൈൻ വിഭാഗത്തിൽ നിന്നും Structural design ലഭ്യമാക്കി സാങ്കേതികാനുമതിക്കു വേണ്ടിയുള്ള എസ്റ്റിമേറ്റ് സമർപ്പിക്കുകയും പ്രസ്തുത നിർമ്മാണ പ്രവൃത്തികൾക്കു വേണ്ടിയുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.**

**സെക്ഷൻ ഓഫീസർ**